# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2319 – 07/02/2019-ലെ മറുപടിക്ക്

### കുടുംബശ്രീ വഴി അല്ലാതെ പ്രളയബാധിതർക്ക് വായ്പ പദ്ധതി

**ചോദ്യം** **ഉത്തരം**

ശ്രീ.രാജു എബ്രഹാം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | അർഹരായ പ്രളയബാധിതർക്ക് വീട്ടുപകരണങ്ങൾ വാങ്ങുന്നതിനായി നല്കിവരുന്ന വായ്പ, കുടുംബശ്രീ വായ്പ കുടിശ്ശികയുടെ പേരിൽ, ബാങ്കുകൾ നിഷേധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ആയത് നിഷേധിക്കാതിരിക്കാൻ ധനകാര്യവകുപ്പ് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | റിസർജന്റ് കേരള ലോൺ സ്കീമിന്റെ മാനദണ്ഡങ്ങൾക്കു വിരുദ്ധമായി വായ്പകൾ നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എസ്.എൽ.ബി.സി -യുമായും വിവിധ ബാങ്കുകളുമായും ധനകാര്യ വകുപ്പ് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിലാണ് കുടുംബശ്രീ വഴി വായ്പ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കിയത്. |
| ബി | കുടുംബശ്രീ വഴി അല്ലാതെ മറ്റേതെങ്കിലും പദ്ധതി വഴി പ്രളയബാധിതർക്ക് വായ്പ ലഭ്യമാക്കാൻ ധനകാര്യവകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശം നല്കാമോ? | പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തരം വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിയ്ക്കുന്നതിന് 'ഉജ്ജീവന വായ്പാ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ